LIBRARY ARCHIVES Kerala Legislative Assembly

പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള റോഡ് നിർമ്മാണം

36 (1469) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച ഏതെല്ലാം റോഡുകളാണ് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുള്ളത് ; ആയത് പുനരാരംഭിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) 1. അമ്പലപ്പാറ പഞ്ചായത്തിലെ ലക്ഷംവീട് കുനൻമല റോഡ്

2. അമ്പലപ്പാറ പഞ്ചായത്തിലെ കണ്ണമംഗലം കണ്ണമംഗലം റോഡ്

3. കരിംമ്പുഴ പഞ്ചായത്തിലെ പോമ്പ്ര കടപ്പാടം റോഡ്

4. പൂക്കോട്ടുകാവ് പഞ്ചായത്തിലെ പൂക്കോട്ടുകാവ് കോവിലിങ്ങൽപടി റോഡ്

5. അമ്പലപ്പാറ പഞ്ചായത്തിലെ കടമ്പൂർപള്ളി കടവ് റോഡ്

(ബി) 1. ലക്ഷംവീട് കുനൻമല റോഡ്-ജി.എസ്.ബി. പൂർത്തിയായി.

2. കണ്ണമംഗലം കണ്ണമംഗലം നോർത്ത്-ജി.എസ്.ബി.സി.ഡി. വർക്കുകൾ പൂർത്തിയായിവരുന്നു.

3. പോമ്പ്ര കടപ്പാടം റോഡ്- കോൺക്രീറ്റ് ഡ്രെയിൻ സി.ഡി. വർക്കുകൾ, പാർശ്വഭിത്തികൾ, ഡ്രെയിനേജ് പണികൾ എന്നിവ പൂർത്തിയായിവരുന്നു.

4. പൂക്കോട്ടുകാവ് കോവിലിങ്ങൽപടി റോഡ്-പാർശ്വഭിത്തികൾ, ഡ്രെയിനേജ് പണികൾ എന്നിവ പൂർത്തിയായിവരുന്നു.

5. കടമ്പൂർപള്ളി കടവ് റോഡ്-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ട്.

(സി) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച യാതൊരു റോഡുകളുമില്ല.